പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6081 07.11.2016 ലെ മറുപടിയ്ക്ക്

# കൃഷി ആദായകരമാക്കി മാറ്റുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.കെ. രാജൻ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കൃഷി ആദായകരമല്ലാതായി തീർന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് കൃഷി ആദായകരമല്ലാതായി തീർന്നതിന്റെ കാരണങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്.<br>1. കൃഷിക്കാവശ്യമായ വിത്തുമുതൽ വിവിധ വസ്തുക്കളുടെ വില വർദ്ധന .<br>2. കാർഷികോത്പന്നങ്ങളുടെ വിലയിടിവ്.<br>3. വിവിധ കീടരോഗ ബാധകൾ, മറ്റു കാരണങ്ങളാൽ ഉണ്ടാകുന്ന ഉത്പാദന കുറവ്.<br>4. കർഷക തൊഴിലാളികളുടെ വർദ്ധിച്ച കൂലിയും രൂക്ഷമായ തൊഴിലാളി ക്ഷാമവും.<br>5.ശാസ്ത്രീയ കൃഷി മുറകൾ പാലിക്കുന്നതിലുള്ള വീഴ്ച.<br>6. വിവിധ അന്താരാഷ്ട്രകരാറുകൾ മൂലം മറ്റു രാജ്യങ്ങളിൽ നിന്നുമുള്ള ഉത്പന്നങ്ങളുടെ ഇറക്കുമതി കാരണം ഉണ്ടാകുന്ന വിലയിടിവ്.<br>7. കാർഷിക മേഖലയിൽ മൂല്യവർദ്ധിത സംരംഭങ്ങളുടെ കുറവ്.<br>8. പ്രകൃതി ക്ഷോഭം മൂലമുള്ള വിളനഷ്ടം. |
| (ബി) ഇടനിലക്കാരെ ഒഴിവാക്കി കൃഷിയിൽ നിന്നുള്ള ലാഭം കർഷകന് നേരിട്ട് ലഭ്യമാകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) വിലയിടിവ് സംഭവിച്ചിട്ടുള്ള വിളകൾക്ക് താങ്ങുവില നിശ്ചയിച്ച് കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് ന്യായമായ വില കർഷകന് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഓണം പോലുള്ള ഉത്സവാവസരങ്ങളിൽ സർക്കാർ ഏജൻസികൾ വിപണിയിൽ ഇടപ്പെട്ട് കർഷകരിൽ നിന്നും പച്ചക്കറി പോലുള്ള ഉത്പന്നങ്ങൾ നേരിട്ട് മികച്ച വില നൽകി സംഭരിച്ച് ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്കു നൽകി വരുന്നു. അഗ്രോപാർക്കുകൾ ആരംഭിക്കുന്നതോടെ കർഷകരുടെ ഈ പ്രശ്നം പരിഹരിക്കുന്നതാണ്. |

(സി) കൃഷിയിലേക്ക് കൂടുതൽ ജനവിഭാഗങ്ങളെ ആകർഷിക്കുന്നതിനും, കൃഷിയെ അന്തസ്സുള്ള തൊഴിൽ മേഖലയാക്കി മാറ്റുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കാർഷികമേഖലയിലേക്ക് കൂടുതൽ ജന വിഭാഗങ്ങളെ ആകർഷിക്കുന്നതിന് കൃഷിയിൽ നിന്നും കൂടുതൽ വരുമാനം ലഭ്യമാകുന്ന തരത്തിൽ ഹൈടെക്ക് കൃഷി പദ്ധതികൾ, മൂല്യവർദ്ധനവ്, യന്ത്രവത്കരണം എന്നിവ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പോളിഹൗസ്, സൂക്ഷ്മ- ജലസേചന കൃഷി രീതി, കൃത്യതാകൃഷി രീതികൾ എന്നിവ നടപ്പിലാക്കി വരുന്നു. ഇവയ്ക്ക് പുറമെ കേരളത്തിലെ പ്രധാന വിളകളുടെ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വിവിധ ജില്ലകളിൽ വിള അധിഷ്ഠിതമായ അഗ്രോപാർക്കുകൾ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. കാർഷിക യന്ത്രവത്കരണം വ്യാപകമാക്കുവാൻ അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവയിലൂടെ കൃഷി പണികൾ യന്ത്രങ്ങളുടെ സഹായത്തോടെ ശാസ്ത്രീയ കൃഷി രീതിയിൽ സമയബന്ധിതമായി വിദഗ്ധ തൊഴിലാളികൾ ചെയ്തുകൊടുക്കുന്നു. 60 വയസ്സ് പൂർത്തിയായ കർഷകർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ കർഷക പെൻഷൻ നൽകിവരുന്നു.

(ഡി) കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ:

(ഡി) കാർഷിക മേഖലയിൽ അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. പാടശേഖരങ്ങളുടെ അടിസ്ഥാന സൌകര്യ വികസനത്തിനായി ധനസഹായം നൽകിവരുന്നു.

2. രാസവളം / ജൈവവളം, കീടനാശിനികൾ എന്നിവയുടെ ഗുണനിലവാരം പരിശോധി ക്കുന്നതിനുള്ള ലാബുകൾ, മണ്ണ് പരിശോധനാ ലാബുകൾ, അഗ്മാർക്ക് ലാബുകൾ, വിത്ത് പരിശോധനാ ലാബുകൾ ജൈവിക നിയന്ത്രണോപാധികൾ (ട്രൈക്കോഡർമ, സ്യൂഡോമോണസ്, ട്രൈക്കോകാർഡ്) മുതലായവ ഉത്പാദിപ്പിക്കുന്ന സംസ്ഥാന ബയോകൺട്രോൾ ലാബ് ഉൾപ്പെടെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള 44 ലാബുകളുടെ അടിസ്ഥാന സൌകര്യം ശക്തിപ്പെടുത്തുന്നതിന് എല്ലാ സാമ്പത്തിക വർഷവും പ്രത്യേക പരിഗണന നൽകി വരുന്നു.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികൾ , 5 പ്രാദേശിക വിപണികൾ എന്നിവയുടെ അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 'വിപണി വികസനം' പദ്ധതിയിൻകീഴിൽ ധനസഹായം നൽകിവരുന്നു.

4. കൃഷി ഉദ്യോഗസ്ഥർക്കും കർഷകർക്കും കാർഷിക വിഷയങ്ങളിൽ പരിശീലനം നൽകി മാനവശേഷി വികസിപ്പിക്കുന്നതിന് വകുപ്പിൻ കീഴിലുള്ള 7 പരിശീലന കേന്ദ്രങ്ങളിലെ അടിസ്ഥാന സൌകര്യങ്ങൾ 'കാർഷിക വിജ്ഞാനവ്യാപനം പദ്ധതി' യിൻ കീഴിലുള്ള ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടത്തുന്നു

5. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിന് ഇതിനായുള്ള സംസ്ഥാനാവിഷ്കൃത പദ്ധതി ഉപയോഗിച്ചും SFAC(Small Farmers Agri Business consortium) മുഖേനെയും ചെറുകിട ഇടത്തരം യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

6. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) Rural Infrastructure Development Fund (RIDF) പദ്ധതികൾ പ്രകാരം പ്രധാനമായും കൃഷി, ജലസേചനം എന്നിവയ്ക്ക് അടിസ്ഥാന സൌകര്യം വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

| | | | |
|---|---|---|---|
| **(ഇ)** | കർഷകരുടെ ക്ഷേമം ലക്ഷ്യമിട്ടുള്ള കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിന് തയ്യാറാകുമോ? | **(ഇ)** | തയ്യാറാക്കുന്നതാണ്. കർഷകക്ഷേമബോർഡ് രൂപികരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

6